"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ചെങ്ങന്നൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ശ്രീജയൻ.വി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1579/2023 നമ്പർ കേസിലെ 24.08.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2086/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.ശ്രീജയൻ.വി, സർക്കാരിൽ സമർപ്പിച്ച 12.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ8 )
3. ശ്രീ.ശ്രീജയൻ.വി, ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 1579/2023 നമ്പർ കേസിലെ 24.08.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.10.2023 തീയതിയിലെ LSGD/PD/55518/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി ചെങ്ങന്നൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ശ്രീജയൻ.വി സമർപ്പിച്ച പരാമർശം 2അപ്പീൽ (അനക്ഷർ 8) പ്രകാരം, തനിക്ക് സൗകര്യപ്രദമായ സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ശ്രീജയൻ.വി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1579/2023 നമ്പർ കേസിലെ 24.08.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ അനക്ഷർ എ 8 അപ്പീൽ അപേക്ഷയിലെ വാദങ്ങളും, സ്ഥലംമാറ്റം സംബന്ധിച്ച് വ്യവസ്ഥകളും പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.ശ്രീജയൻ.വി സമർപ്പിച്ച അനക്ഷർ എ 8 അപ്പീൽ അപേക്ഷ പ്രകാരം, അങ്കമാലി നഗരസഭയിൽ ജോലി ചെയ്തിരുന്ന താൻ പ്രിൻസിപ്പൽ ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ചെങ്ങന്നൂർ നഗരസഭയിൽ പ്രവേശിച്ചതായും ഹൃദ്രോഗിയും പെൻഷൻ ആകാൻ 15 മാസം മാത്രമുള്ള ജീവനക്കാരനാണെന്നും ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ കൊല്ലം നഗരസഭയിൽ അലോട്ട് ചെയ്തിരുന്നെങ്കിലും ഫൈനൽ ലിസ്റ്റിൽ ചെങ്ങന്നൂർ നഗരസഭയിൽ നിയമിച്ചതായും

അറിയിക്കുന്നു. പ്രസ്തുത ഉത്തരവ് പുനപരിശോധിച്ച് തന്റെ ഫസ്റ്റ് ഓപ്ഷനായ കരുനാഗപ്പള്ളി നഗരസഭയിലേക്ക് മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, കൊച്ചി നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശ്രീജയൻ.വി-യെ 10.11.2022 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി കൊച്ചി നഗരസഭയിൽ നിന്നും അങ്കമാലി നഗരസഭയിലേക്ക് നിയമിച്ചിരുന്നതായും, പൊതുസ്ഥലംമാറ്റത്തിൽ കരുനാഗപ്പള്ളി നഗരസഭ, കൊല്ലം കോർപ്പറേഷൻ, തിരുവല്ല മുൻസിപ്പാലിറ്റി ,ചെങ്ങന്നൂർ മുൻസിപ്പാലിറ്റി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടിയാൻ അപേക്ഷിക്കുകയും ചെയ്തിരുന്നുവെന്നും അറിയിക്കുന്നു. അങ്കമാലി നഗരസഭയിൽ ടിയാൻ 142 ദിവസത്തെ സർവ്വീസാണ് ഉണ്ടായിരുന്നത് എന്നും ജില്ലക്ക് പുറത്ത് നിന്ന് കൊല്ലം ജില്ലയിലേക്കുള്ള ക്യൂ ലിസ്റ്റിൽ 7-ാമതായാണ് ടിയാൻ ഉൾപ്പെട്ടിരുന്നത് എന്നും ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയിൽ ഒഴിവുണ്ടായിരുന്നില്ലായെന്നും ടിയാന്റെ രണ്ടാമത്തെ ഓപ്ഷനായ കൊല്ലം കോർപ്പറേഷനിൽ 3 പേർക്കാണ് സ്ഥലംമാറ്റം ലഭിച്ചത് എന്നും അറിയിക്കുന്നു.

4. ശ്രീ.ശ്രീജയന്റെ നാലാമത്തെ ഓപ്ഷനായ ചെങ്ങന്നൂർ നഗരസഭയിലാണ് ടിയാൻ നിയമനം ലഭിച്ചത്. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രം ബാക്കിയുള്ള ജീവനക്കാർ, ഗുരുതര രോഗങ്ങൾ ബാധിച്ചവർ (ക്യാൻസർ, ഹൃദ്രോഗം,പക്ഷാഘാതം) എന്ന അനുകമ്പാർഹതയിലും ടിയാൻ ജില്ലക്ക് പുറത്ത് നിന്ന് കൊല്ലം ജില്ലയിലേക്കുള്ളതിൽ ഒന്നാമതായും ഉൾപ്പെട്ടിരുന്നു. എന്നാൽ ടിയാൻ കൊല്ലം സ്വദേശി ആയിരുന്നെങ്കിലും എറണാകുളം ജില്ലയാണ് ഹോം ജില്ലയായി രേഖപ്പെടുത്തിയിരുന്നത് എന്നും പരാതിയിൽ പരാമർശമുള്ള ശ്രീ.ശ്രീകുമാർ എം ആർ, ശ്രീ.അജയൻ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിൽ ശ്രീ.ശ്രീകുമാർ എം ആർ സ്പെഷ്യൽ പ്രയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും സ്റ്റേഷൻ സീനിയോറിറ്റി 59 ദിവസമുള്ളയാളുമാണ്. ടിയാന് എറണാകുളത്ത് നിന്നും കൊല്ലം ജില്ലയിലെ പരവൂർ മുൻസിപ്പാലിറ്റിലേക്കാണ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത്. പരവൂർ മുൻസിപ്പാലിറ്റി ശ്രീജയന്റെ ഓപ്ഷനല്ലാത്തതാണ്. തിരുവനന്തപുരം നഗരസഭയിൽ 59 ദിവസത്തെ സ്റ്റേഷൻ സീനിയോറിറ്റിയുള്ളയാളാണ് ശ്രീ അജയൻ. ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കൊല്ലം കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. പൊതുസ്ഥലംമാറ്റ അപേക്ഷ പരിശോധിച്ചതിൽ ശ്രീജയനേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കുറവുള്ള ആളാണ് ശ്രീ. അജയൻ എന്ന് കാണുന്നു. എറണാകുളം ജില്ലയിൽ നിന്നും സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ച ശ്രീ.ശ്രീജയൻ, തന്റെ ഹോം ജില്ല എറണാകുളം എന്ന് രേഖപ്പെടുത്തിയാണ് പൊതുസ്ഥലം മാറ്റ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഓൺലൈൻ സ്ഥലം മാറ്റത്തിൽ ജില്ലാതല അലോട്ട്മെന്റാണ് ആദ്യം നടത്തുന്നത് ആലപ്പുഴ ജില്ലയിലേക്കുള്ള അലോട്ട്മെന്റിൽ ശ്രീജയന്റെ നാലാമത്തെ ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചതിനാലാണ് തുടർന്ന് കൊല്ലം ജില്ലയിലേക്ക് ഓൺലൈൻ ട്രാൻസ്ഫറിൽ പരിഗണിക്കാതെ പോയതെന്ന് കാണുന്നു. എന്നിരുന്നാലും ശ്രീ.ശ്രീജയന്റെ അനുകമ്പാർഹത പരിഗണിച്ചും ടിയാന്റെ ഓപ്ഷനിൽ ജൂനിയറായ ശ്രീ.അജയനാണ് സ്ഥലം മാറ്റം ലഭിച്ചത് എന്നത് പരിഗണിച്ചും ശ്രീ.ശ്രീജയനെ ചെങ്ങന്നൂര് മുൻസിപ്പാലിറ്റിയിൽ നിന്നും കൊല്ലം കോർപ്പറേഷനിലേക്കും ശ്രീ അജയനെ കൊല്ലം കോർപ്പറേഷനിൽ നിന്നും ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയിലേക്കും പരസ്പരം മാറ്റി നിയമിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. മേൽ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 11.10.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം ശ്രീ.ശ്രീജയന്റെ അനുകമ്പാർഹത പരിഗണിച്ച് രണ്ടാമത്തെ ഓപ്ഷനായ കൊല്ലം കോർപ്പറേഷനിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു.

6. മേൽ സാഹചര്യത്തിൽ ശ്രീ.ശ്രീജയൻ.വി.യുടെ അനുകമ്പാർഹത പരിഗണിച്ച് ടിയാന്റെ രണ്ടാമത്തെ ഓപ്ഷനായ കൊല്ലം കോർപ്പറേഷനിലേക്കു സ്ഥലം മാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ 8 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ 1579/2023 നമ്പർ കേസിലെ 24.08.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ശ്രീ.ശ്രീജയൻ.വി., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ചെങ്ങന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-10-2023 10:06:35
സെക്ഷൻ ഓഫീസർ